ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

**DATE: 12.05.2025** **TIME : 07.25 PM**

# പ്രധാനവാർത്തകൾ

1. പ്രധാനമന്ത്രി നരേന്ദ്ര മോദി അല്പസമയത്തിനകം രാജ്യത്തെ അഭിസംബോധന ചെയ്യും; ഓപ്പറേഷൻ സിന്ദൂറിന്റെ പശ്ചാത്തലത്തിലാണ് അഭിസംബോധന.
   **Prime Minister Narendra Modi to address the nation shortly; the address will be in the context of Operation Sindoor.**
2. രാജ്യത്തിന്റെ പോരാട്ടം ഭീകരരോടായിരുന്നുവെന്നും പാകിസ്ഥാൻ സൈന്യത്തോടായിരുന്നില്ലെന്നും ഇന്ത്യൻ സൈനിക വൃത്തങ്ങൾ.
   **India says the fight was with terrorists and their Infrastructure, not with Pak military.**
3. വെടിനിർത്തൽ ധാരണ സംബന്ധിച്ച് ഇന്ത്യ-പാകിസ്ഥാൻ DGMO- മാർ ചർച്ച നടത്തി .
   **India-Pakistan DGMOs held discussions on the ceasefire agreement.**
4. വയനാട് ഉരുൾപൊട്ടൽ ദുരന്തമേഖലയിൽ ടൗൺഷിപ്പ് നിർമാണത്തിന് വിവിധ ഭരണാനുമതികൾ നൽകാൻ സമയക്രമം നിശ്ചയിച്ചു; പുനരധിവാസം സമയബന്ധിതമായി പൂർത്തിയാക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.
   **Time frame set for granting various administrative sanctions for the construction of townships in the Wayanad landslide disaster area;**

**Chief Minister Pinarayi Vijayan says that the rehabilitation will be completed in a timely manner**

5. **ഇന്ത്യയുടെ ബാറ്റിങ് വിസ്മയം വിരാട് കോലി ടെസ്റ്റ് ക്രിക്കറ്റിൽ നിന്ന് വിരമിച്ചു.**

**India's batting wonder Virat Kohli retires from Test cricket.**

✡✡✡✡✡✡✡✡✡✡✡✡

## PM-ADDRESS

പ്രധാനമന്ത്രി നരേന്ദ്ര മോദി അല്പസമയത്തിനകം രാജ്യത്തെ അഭിസംബോധന ചെയ്യും. ഓപ്പറേഷൻ സിന്ദൂറിന്റെ പശ്ചാത്തലത്തിലാണ് അഭിസംബോധന. പഹൽഗാം ഭീകരാക്രമണത്തിൽ 25 ഇന്ത്യാക്കാരും □ രു നേപ്പാളി പൗരനും കൊല്ലപ്പെട്ട പശ്ചാത്തലത്തിലാണ് ഓപ്പറേഷൻ സിന്ദൂർ ആരംഭിച്ചത്. ഓപ്പറേഷനിൽ ഇന്ത്യ 100 ഭീകരരെ വധിക്കുകയും ഭീകര താവളങ്ങൾ തകർക്കുകയും ചെയ്തു.

✡✡✡✡✡✡✡✡✡✡✡✡

## REV. PM-MEET

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ അധ്യക്ഷതയിൽ ന്യൂഡൽഹിയിൽ ഉന്നതതല യോഗം ചേർന്നു. പ്രധാനമന്ത്രിയുടെ വസതിയിൽ ചേർന്ന യോഗത്തിൽ രാജ്യരക്ഷാമന്ത്രി രാജ് നാഥ് സിങ്, വിദേശകാര്യമന്ത്രി എസ് ജയശങ്കർ, ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവൽ, സംയുക്ത സേനാ മേധാവി അനിൽ ചൗഹാൻ, കര-വ്യോമ-നാവിക സേനാ മേധാവിമാർ, ഉന്നത ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

**DGMO-TALKS**

അതിർത്തിയിലെ വെടിനിർത്തൽ ധാരണ സംബന്ധിച്ച് ഇന്ത്യ- പാകിസ്ഥാൻ ഡിജിഎം□ മാർ ചർച്ച നടത്തി. ഇന്ന് വൈകുന്നേരത്തോടെയായിരുന്നു ചർച്ച. നേരത്തെ ഉച്ചയ്ക്ക് 12 മണിക്കായിരുന്നു ചർച്ച നിശ്ചയിച്ചിരുന്നത്.

**DEFENCE BRIEFING (INTRO)**

ഇന്ത്യയുടെ പോരാട്ടം ഭീകരരോടായിരുന്നുവെന്നും പാകിസ്ഥാൻ സൈന്യത്തോടല്ലെന്നും എയർ ഓപ്പറേഷൻസ് ഡയറക്ടറേറ്റ് ജനറൽ, എയർ മാർഷൽ എ.കെ. ഭാർതി. ന്യൂ ഡൽഹിയിൽ സംയുക്ത സൈനിക വാർത്താ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. പാകിസ്ഥാൻ സൈന്യം ഭീകരർക്ക് വേണ്ടി ഇടപെട്ടത് ഇന്ത്യൻ സായുധസേനയെ ശക്തമായി പ്രതികരിക്കാൻ നിർബന്ധിതരാക്കി. ഇന്ത്യയുടെ യുദ്ധ സംവിധാനങ്ങൾ കാലത്തിന്റെ പരീക്ഷണത്തെ അതിജീവിച്ചുവെന്ന് എയർ മാർഷൽ ഭാർതി പറഞ്ഞു.

**(ഹോൾഡ്)**

**S/B LT GEN RAJIV GHAI (INTRO)**

ഇന്ത്യൻ ഭാഗത്ത് കാര്യമായ നാശനഷ്ടങ്ങൾക്കിടനൽകാതെ പാകിസ്ഥാന്റെ

വ്യോമ പ്രതിരോധ സംവിധാനങ്ങൾ, ഡ്രോണുകൾ, യുദ്ധവിമാനങ്ങൾ, മിസൈലുകൾ എന്നിവയെ പരാജയപ്പെടുത്താൻ സാധിച്ചതായി മിലിട്ടറി ഓപ്പറേഷൻസ് ഡയറക്ടർ ജനറൽ ലെഫ്റ്റനന്റ് ജനറൽ രാജീവ് ഘായ് പറഞ്ഞു. ഈ മാസം 9-നും 10-നും രാത്രിയിൽ പാകിസ്ഥാൻ വ്യോമസേന ഇന്ത്യൻ വ്യോമതാവളങ്ങളെയും ജനവാസ കേന്ദ്രങ്ങളെയും ലക്ഷ്യമിടാൻ ശ്രമിച്ചു. അപ്പോഴെല്ലാം ഇന്ത്യൻ മൾട്ടിലെയർ കൗണ്ടർ ഡ്രോണുകളും വ്യോമ പ്രതിരോധ ഗ്രിഡും അവയെല്ലാം നിർവീര്യമാക്കിയെന്നും അദ്ദേഹം പറഞ്ഞു. ഇന്ത്യയുടെ വ്യോമ പ്രതിരോധത്തിൽ നുഴഞ്ഞുകയറാൻ പാകിസ്ഥാന് ശേഷിയില്ലെന്ന് അദ്ദേഹം വ്യക്തമാക്കി. ഓപ്പറേഷൻ സിന്ദൂർ നടപ്പിലാക്കിയ ഓരോ മേഖലയിലും മൂന്ന് സേനകളും തമ്മിൽ സമ്പൂർണ്ണ ഏകോപനം ഉണ്ടായിരുന്നതായി അദ്ദേഹം അറിയിച്ചു. രാജ്യത്തെ 140 കോടി ജനങ്ങളുടെയും പൂർണ്ണ പിന്തുണ ഇതിന് ഉണ്ടായിരുന്നതായും അദ്ദേഹം പറഞ്ഞു.
**(ഹോൾഡ് ഫോർ വോയ്സ്)**

✿✿✿✿✿✿✿✿✿✿✿✿

## Vice Admiral AN Pramod (INTRO)

വിവിധ മേഖലകളിൽനിന്നും ഉയർന്നുവരുന്ന ഭീഷണികളെ  ഒരേസമയം നേരിടാൻ കഴിവുള്ള സംയോജിത സംവിധാനമായാണ് നാവികസേന പ്രവർത്തിക്കുന്നതെന്ന് ഡയറക്ടർ ജനറൽ നേവൽ ഓപ്പറേഷൻസ് വൈസ് അഡ്മിറൽ

എ.എൻ.പ്രമോദ്. വ്യോമാതിർത്തി ഉൾപ്പെടെയുള്ള സമഗ്രമായ സമുദ്ര മേഖല തിരിച്ചറിയുന്നതിനായി നിരന്തരമായ നിരീക്ഷണം, കണ്ടെത്തൽ എന്നിവ ഉറപ്പാക്കുന്ന തരത്തിൽ നാവിക സേന സജ്ജമാണെന്നും അദ്ദേഹം പറഞ്ഞു.

**(ഹോൾഡ് ഫോർ വോയ്സ്)**

✡✡✡✡✡✡✡✡✡✡✡✡

## JAISHANKAR - EGYPT

വിദേശകാര്യ മന്ത്രി എസ്. ജയ്‌ശങ്കർ ഈജിപ്ത് വിദേശകാര്യ മന്ത്രി ബദർ അബ്ദേലട്ടിയുമായി ടെലിഫോൺ സംഭാഷണം നടത്തി. ഇന്ത്യ - പാക് സംഘർഷം സംബന്ധിച്ച് ഇരുവരും സംസാരിച്ചു. ഭീകരതയോട് സഹിഷ്ണുതയില്ലാത്ത നിലപാട് സ്വീകരിക്കേണ്ടതിന്റെ പ്രാധാന്യം എടുത്തുപറഞ്ഞതായി ശ്രീ ജയ്‌ശങ്കർ സമൂഹമാധ്യമത്തിൽ കുറിച്ചു.

✡✡✡✡✡✡✡✡✡✡✡✡

## PAKISTAN-FACT-CHECK

പാകിസ്ഥാൻ സൈന്യം അടുത്തിടെ വാർത്താ സമ്മേളനത്തിൽ ഉന്നയിച്ച അവകാശവാദങ്ങൾ നിരാകരിച്ച് കേന്ദ്ര സർക്കാർ . ഇന്ത്യയുടെ വ്യോമതാവളങ്ങൾ പാകിസ്താൻ നശിപ്പിച്ചതായി ഇന്ത്യൻ വാർത്താ ചാനലുകൾ വാർത്ത നൽകി എന്നായിരുന്നു ആരോപണം .വ്യാജ ദൃശ്യങ്ങൾ തെളിവായി ഹാജരാക്കി പാകിസ്ഥാൻ തങ്ങളുടെ ജനങ്ങളെ തന്നെ തെറ്റിദ്ധരിപ്പിക്കുകയാണെന്ന് പ്രസ് ഇൻഫർമേഷൻ ബ്യൂറോയുടെ ഫാക്ട്

ചെക്ക് വിഭാഗം വ്യക്തമാക്കി. യഥാർത്ഥ ദൃശ്യങ്ങളിൽ ഇന്ത്യൻ സൈന്യം പാകിസ്ഥാൻ വ്യോമതാവളം നശിപ്പിച്ചത് ഇന്ത്യൻ വാർത്താ ചാനലുകൾ റിപ്പോർട്ട് ചെയ്യുന്നതായി കാണാം. നിലവിലെ നിർണായക സാഹചര്യത്തിൽ എല്ലാ വിവരങ്ങളും ശ്രദ്ധാപൂർവ്വം പരിശോധിക്കേണ്ട ആവശ്യകത PIB ഫാക്ട് ചെക്ക് യൂണിറ്റ് ചൂണ്ടിക്കാട്ടി .

✡✡✡✡✡✡✡✡✡✡✡✡

**KERALA CM**

വയനാട് മുണ്ടക്കൈ, ചൂരൽമല ഉരുൾപൊട്ടൽ ദുരന്ത ബാധിതരുടെ പുനരധിവാസം സമയബന്ധിതമായി പൂർത്തിയാക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ദുരന്ത ബാധിതരുടെ താമസത്തിനുള്ള മാസ വാടക തുക അടിയന്തിരമായി ലഭ്യമാക്കാനും മുഖ്യമന്ത്രി നിർദ്ദേശം നൽകി. ദുരന്തബാധിതർക്കുള്ള ടൗൺഷിപ്പ് നിർമാണ പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിന് ചേർന്ന യോഗത്തിലാണ് നിർദേശം. ടൗൺഷിപ്പ് നിർമാണത്തിന് ഭരണ, സാങ്കേതിക, സാമ്പത്തിക അനുമതികൾ നൽകുന്നതിന് സമയക്രമവും നിശ്ചയിച്ചു.

✡✡✡✡✡✡✡✡✡✡✡✡

**VIRAD KOHLI**

ഇന്ത്യയുടെ ബാറ്റിങ് വിസ്മയം വിരാട് കോലി ടെസ്റ്റ് ക്രിക്കറ്റിൽ നിന്ന് വിരമിച്ചു. കഴിഞ്ഞവർഷം ടി-ട്വന്റിയിൽ നിന്ന് വിരമിച്ച കോലി ഇനി അന്താരാഷ്ട്ര ക്രിക്കറ്റിൽ ഏകദിനത്തിൽ മാത്രമാണ് ഉണ്ടാവുക. 14 വർഷം നീണ്ട കരിയറിൽ ഇന്ത്യക്കായി 123 ടെസ്റ്റുകൾ കളിച്ച കോലി 30 സെഞ്ചുറിയുടെ തിളക്കത്തോടെ 9,230 റൺസ് നേടി. ഇന്ത്യയെ ഏറ്റവും കൂടുതൽ ടെസ്റ്റ് ജയങ്ങളിലേക്ക് നയിച്ച ക്യാപ്റ്റനാണ് കളംവിടുന്നത്.

✡✡✡✡✡✡✡✡✡✡✡✡

**EVE. KHELO INDIA BIHAR**

ബിഹാറിൽ നടക്കുന്ന ഖേലോ ഇന്ത്യ യൂത്ത് ഗെയിംസിൽ കുതിപ്പ് തുടർന്ന് മഹാരാഷ്ട്ര. 33 സ്വർണവും 26 വെള്ളിയും ഉൾപ്പെടെ 84 മെഡലുകളാണ് മഹാരാഷ്ട്ര നേടിയത്. കർണാടക രണ്ടാം സ്ഥാനത്തും രാജസ്ഥാൻ മൂന്നാമതുമാണ്.

✡✡✡✡✡✡✡✡✡✡✡✡

## US-CHINA TRADE TALKS

അമേരിക്കയും, ചൈനയും തങ്ങളുടെ ഉത്പന്നങ്ങൾക്ക് മേലുള്ള തീരുവ അടുത്ത 90 ദിവസത്തേക്ക് ഗണ്യമായി കുറയ്ക്കാൻ തീരുമാനിച്ചു. തീരുമാനം ഇരുരാജ്യങ്ങൾക്കുമിടയിലെ രൂക്ഷമായ വ്യാപാര യുദ്ധത്തിന് അയവു വരുത്തുകയും ലോക വിപണികൾക്ക് ഉത്തേജനം നൽകുകയും ചെയ്യും. ഇരുരാജ്യങ്ങളിലെയും ഉദ്യോഗസ്ഥർ സ്വിറ്റ്സർലൻഡിലെ ജനീവയിൽ നടത്തിയ ദീർഘമായ വ്യാപാര ചർച്ചകൾക്ക് ശേഷം പുറത്തിറക്കിയ സംയുക്ത പ്രസ്താവനയിലാണ് ഇക്കാര്യം അറിയിച്ചത്. അമേരിക്ക ചൈനീസ് ഉൽപ്പന്നങ്ങളുടെ തീരുവ ബുധനാഴ്ച മുതൽ 145 ശതമാനത്തിൽ നിന്ന് 30 ശതമാനമായും ചൈന അമേരിക്കൻ ഇറക്കുമതികളുടെ തീരുവ 125 ശതമാനത്തിൽ നിന്ന് 10 ശതമാനമായും കുറയ്ക്കും.

✡✡✡✡✡✡✡✡✡✡✡✡

## DUBAI-BSE CEO

ഇന്ത്യൻ ഓഹരി വിപണികൾ സാങ്കേതിക പരിവർത്തനത്തിലാണെന്ന് ബോംബെ ഓഹരി സൂചിക ലിമിറ്റഡ് CEO സുന്ദരം രാമമൂർത്തി.

ദുബായിൽ നടക്കുന്ന ദുബായ് ഫിൻടെക് ഉച്ചകോടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. 100 രാജ്യങ്ങളിൽ നിന്നുള്ള 300 ഓളം പ്രഭാഷകരും 8,000 ത്തോളം പേരും ഫിൻടെക് ഉച്ചകോടിയിൽ പങ്കെടുക്കുന്നുണ്ട്. 1,000 നിക്ഷേപകരും ഇതിൽ പങ്കെടുക്കുന്നു.

## DELHI-LG SOLAR PLANT

ഡൽഹി നിയമസഭാ മന്ദിരത്തിൽ 500കിലോവാട്ട് സൗരോർജ പ്ലാന്റിന്റെ ശിലാസ്ഥാപനം മുഖ്യമന്ത്രി രേഖാ ഗുപ്തയും ലഫ്റ്റനന്റ് ഗവർണർ വിനയ് കുമാർ സക്സേനയും ചേർന്ന് നിർവഹിച്ചു. ശുദ്ധ ഊർജം, സുസ്ഥിര പരിസ്ഥിതി എന്നിവയ്ക്കുള്ള സർക്കാർ പ്രതിബദ്ധതയുടെ തെളിവാണ് സൗരോർജ പ്ലാന്റെന്നും ലഫ്റ്റനന്റ് ഗവർണർ പറഞ്ഞു. ക്ലീൻ ഡൽഹി- ഗ്രീൻ ഡൽഹി ദൗത്യം നടപ്പാക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് ഡൽഹി മുഖ്യമന്ത്രി രേഖാ ഗുപ്ത അഭിപ്രായപ്പെട്ടു.

## PM-ACCIDENT

ഛത്തീസ്ഗഢിലെ റായിപ്പൂരിൽ 13 പേർ മരിക്കുകയും നിരവധി പേർക്ക് പരിക്കേൽക്കുകയും ചെയ്ത സംഭവത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി അതീവ ദുഖം രേഖപ്പെടുത്തി. മരിച്ചവരുടെ കുടുംബങ്ങൾക്ക് നഷ്ടപരിഹാരമായി രണ്ട് ലക്ഷം രൂപയും പരിക്കേറ്റവർക്ക് 50,000 രൂപയും ധനസഹായം പ്രഖ്യാപിച്ചു.

## INDIA-MALDIVES SUPPORT

500 ലക്ഷം ഡോളറിന്റെ സാമ്പത്തിക സഹായം വാഗ്ദാനം ചെയ്തതിന് ഇന്ത്യൻ സർക്കാരിന് നന്ദി അറിയിച്ച് മാൽഡീവ്സ്. രാജ്യത്തെ സാമ്പത്തിക സുസ്ഥിരതയ്ക്ക് ഇത് സഹായകമാകുമെന്ന് മാൽഡീവ്സ് അഭിപ്രായപ്പെട്ടു. സമയബന്ധിതമായ സഹായം ഇരു രാജ്യങ്ങളും തമ്മിലുള്ള ദൃഢ സൗഹൃദത്തിന്റെ തെളിവാണെന്ന് മാൽഡീവ്സ് വിദേശകാര്യമന്ത്രി അബ്ദുള്ള ഖലീൽ സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

## RUSSIA UKRAIN DISCUSSIONS

റഷ്യയും യുക്രെയ്നും തമ്മിലുള്ള യുദ്ധം അവസാനിപ്പിക്കുന്നത് സംബന്ധിച്ച് റഷ്യൻ പ്രസിഡന്റ് വ്ലാഡിമിർ പുടിനുമായി തുർക്കിയേയിൽ ചർച്ചകൾ നടത്താൻ തയ്യാറാണെന്ന് യുക്രേനിയൻ പ്രസിഡന്റ് വോളോഡിമിർ സെലെൻസ്കി അറിയിച്ചു. റഷ്യൻ പ്രസിഡന്റ് പുടിൻ മുന്നോട്ടുവെച്ച ചർച്ചകൾക്ക് സന്നദ്ധമാകണമെന്ന് യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് യുക്രൈനോട് ആവശ്യപ്പെട്ടതിന് പിന്നാലെയാണ് സെലെൻസ്കിയുടെ പ്രസ്താവന. ചർച്ചകൾ വ്യാഴാഴ്ച തുർക്കിയേയിൽ നടത്താമെന്നാണ് പുടിൻ അറിയിച്ചത്.

## Airport

ഇന്ത്യ - പാകിസ്ഥാൻ വെടി നിർത്തൽ നിലവിൽ വന്നതിന്റെ പശ്ചാത്തലത്തിൽ രാജ്യത്തുടനീളം താത്കാലികമായി
അടച്ചിട്ടിരുന്ന 32 വിമാനത്താവളങ്ങൾ തുറന്നു. അതിർത്തി പ്രദേശങ്ങളിൽ ആക്രമണം ശക്തമായതിനെ തുടർന്നാണ് വിമാനത്താവളങ്ങൾ അടച്ചത്. യാത്രാ വിമാനങ്ങളുടെ സർവീസ് ഉൾപ്പെടെ റദ്ദാക്കിയിരുന്നു.

✪✪✪✪✪✪✪✪✪✪✪✪

## DELHI INTERNATIONAL AIRPORT

ഡൽഹി അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ പ്രവർത്തനം സാധാരണ നിലയിലായതായി വിമാനത്താവള അധികൃതർ അറിയിച്ചു.

✪✪✪✪✪✪✪✪✪✪✪✪

✪✪✪✪✪✪✪✪✪

✪✪✪✪